കുറ്റാന്വേഷണ സങ്കേതങ്ങൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പോസ്റ്റ്മോർട്ടം പരിശോധനയ്ക്കായി മൃതശരീരം മുളക്കുഴ സെഞ്ചുറി ആശുപത്രിയിൽ സൂക്ഷിച്ചിട്ടുണ്ട്. പത്തനംതിട്ട പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ച് കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വളരെ അടിയന്തിരമായി കേസ് അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്ന് ഇന്നു രാവിലെയും പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) തൃശൂർ മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം പ്രവർത്തിക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശൂർ മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം പ്രവർത്തനരഹിതമായിട്ട് ആഴ്ചകളോളമായി. ഈ സബ്മിഷൻ കൊടുത്തതിനുശേഷം ഒരു ഡോക്ടറെ അവിടെ നിയോഗിച്ചു എന്നത് ശരിയാണ്. അതുകൊണ്ട് ന്യൂറോ സർജറി വിഭാഗത്തിന്റെ വാതിൽ തുറക്കുന്നുണ്ട്, പക്ഷെ ചികിൽസ നടക്കുന്നില്ല. അതുകൊണ്ട് വളരെ ഗൗരവതരമായ ഈ സ്ഥിതിവിശേഷത്തിൽ ഉടനടി ഇടപെട്ട് മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം കാര്യക്ഷമമായി പ്രവർത്തനം നടത്താൻവേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ന്യൂറോ സർജറി വിഭാഗം എന്നുപറയുന്നത് ഒരു സ്കാൻ കാറ്റഗറിയാണ്. ഇന്നിപ്പോൾ കേരളത്തിൽ ന്യൂറോ സർജറി വിഭാഗത്തിൽ പ്രൊഫസർമാരേയും, അസോസിയേറ്റ് പ്രൊഫസർമാരേയും, ലക്ചറർമാരേയും, അസിസ്റ്റന്റ് പ്രൊഫസർമാരെയുമൊക്കെ ലഭിക്കാൻ വളരെ പ്രയാസമാണ്. തൃശൂർ മെഡിക്കൽ കോളേജിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ഒരു ന്യൂറോ അസോസിയേറ്റ് പ്രൊഫസറെ തൃശൂർ മെഡിക്കൽ കോളേജിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഡി.പി.സി. ഇപ്പോൾ അടുത്തുതന്നെ ചേരുകയാണ്. ഡി.പി.സി. ചേർന്നുകഴിഞ്ഞ് പ്രൊമോഷൻ ലഭിക്കുമ്പോൾ ആളുകളെ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകില്ല. പി.എസ്.സി.-യിൽ നിന്ന് ആറു പേരുടെ അഡ്വൈസ് ലഭിച്ചിട്ടുണ്ട്. ആറ് ആൾക്കാരെ ലഭിച്ചുകഴിഞ്ഞാൽ നാല് ആൾക്കാരെ തൃശൂർ മെഡിക്കൽ കോളേജിൽ നിയമിക്കുന്നതാണ്. ബാക്കിയുള്ള രണ്ട് ആൾക്കാരെയാണ് മറ്റു മെഡിക്കൽ കോളേജുകളിലേക്ക് വിടുന്നത്. അങ്ങനെ ഈ പ്രശ്നം പരിഹരിക്കാമെന്നാണ് ഗവൺമെന്റ് ധരിക്കുന്നത്.

(3) തീരദേശ നിയമംമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. സി. കെ. നാണു: സർ, ഒരു നിയോജകമണ്ഡലത്തിൽ തന്നെ കടലോരത്ത് ചില പഞ്ചായത്തുകളിൽ മൽസ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ ഇട്ടു കൊടുക്കുന്നു, തൊട്ടടുത്ത പഞ്ചായത്തിലെ മൽസ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ ഇട്ടു കൊടുക്കുന്നില്ല. ഈ പ്രശ്നം പല പ്രാവശ്യം നിയമസഭയിൽ ഗൗരവമായി ചർച്ച ചെയ്തതാണ്. ഏതാനും ദിവസം മുമ്പ് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പട്ടയം നൽകുവാൻ കഴിയാത്ത സ്ഥലത്ത് കൈവശരേഖ നൽകാൻ റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly